LIBRARY ARCHIVES Kerala Legislative Assembly

ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുന:സംഘടിപ്പിച്ചു. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി നൽകുന്ന കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾ കൂടി ഉൾപ്പെട്ടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിവരുന്നത്.

എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്നവരുടെ നൈപുണ്യശേഷി

127 (2847) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്നവർ നൈപുണ്യശേഷി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കെ.ടി.യു. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2015 മുതൽ outcome based education system ആണ് പിൻതുടരുന്നത്. അതിൻപ്രകാരം കോഴ്സുകളിലൂടെ വിദ്യാർത്ഥികളുടെ നൈപുണ്യം വിലയിരുത്തപ്പെടുന്നു. വിദ്യാർത്ഥികളിൽ സ്വയം പഠനം (self Learning) പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ Project management, finance management എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാണ്.

(ബി) ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ പാശ്ചാത്യ മാതൃകയിൽ ക്രെഡിറ്റ് ബേസ്ഡ് ആക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ക്രെഡിറ്റ് ബേസ്ഡ് സിസ്റ്റമാണ് പിൻതുടരുന്നത്.

(സി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ വ്യക്തമാക്കാമോ?

പരീക്ഷ കഴിഞ്ഞ് ഒന്നര മുതൽ മൂന്ന് മാസത്തിനുള്ളിൽ സർവ്വകലാശാല സാധാരണയായി മൂല്യനിർണ്ണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ പുനർമൂല്യനിർണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. അതിന്റെ മൂല്യനിർണ്ണയ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഹാജരാകാത്ത പരീക്ഷകർക്ക് പിഴ ചുമത്താൻ തീരുമാനമെടുത്തിരുന്നു.
- മൂല്യനിർണ്ണയത്തിൽ ഗുരുതരമായ തെറ്റുകൾ വരുത്തുന്ന പരീക്ഷകർക്കും പിഴ ചുമത്തുന്നു (5,000 രൂപയാണ് പിഴ ഈടാക്കുന്നത്).

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തൽ

128 (2848) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

100 ദിവസത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് " Lets go digital" എന്ന ക്യാമ്പയിൻ സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ പരിശീലന പരിപാടി നടത്തുന്നുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി./പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ കൗൺസിലിന്റെ വെബ് പോർട്ടലിൽ

LIBRARY ARCHIVES Kerala Legislative Assembly